പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : *588

08.07.2014-ലെ മറുപടിയ്ക്ക്

## ടെക്നോളജി ഡവലപ്മെന്റ് അഡാപ്റ്റേഷൻ പ്രോഗ്രാം

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി :**<br>**ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :**<br>**ശ്രീ. വി.ഡി. സതീശൻ :** | **ശ്രീ. ഉമ്മൻ ചാണ്ടി**<br>**(മുഖ്യമന്ത്രി)** |
| (എ) സംസ്ഥാനത്ത് ടെക്നോളജി ഡെവലപ്മെന്റ് അഡാപ്റ്റേഷൻ പ്രോഗ്രാം നടപ്പാക്കാനുദ്ദേശിക്കുന്നു--ണ്ടോയെന്ന് വിശദമാക്കുമോ ; | (എ) ഉണ്ട്. കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ടെക്നോളജി ഡെവലപ്മെന്റ് ആന്റ് അഡാപ്റ്റേഷൻ പ്രോഗ്രാം (TDAP) 2012-13-ൽ ആരംഭിച്ച് നടപ്പിലാക്കി വരുന്നു. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ നൽകുമോ ; | (ബി) നൂതനവും ജനോപകാര പ്രദവുമായ സാങ്കേതിക വിദ്യകൾ / ഉൽപന്നങ്ങൾ തുടങ്ങിയവ വികസിപ്പിക്കുന്നതിനും നിലവിലുള്ള സാങ്കേതിക വിദ്യകളുടെ ന്യൂനതകൾ പരിഹരിച്ച് അവയുടെ വ്യാവസായിക അടിസ്ഥാനത്തിലുള്ള ഉൽപാദനത്തിന് സാങ്കേതിക പിന്തുണയും സാമ്പത്തിക സഹായവും നൽകുക എന്നീ ലക്ഷ്യത്തോടെയാണ് റ്റി.ഡി.എ.പി നടപ്പിലാക്കി വരുന്നത്. |
| (സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പ്രോഗ്രാം നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ ; | (സി) മേൽ വിഷയങ്ങളിൽ സാങ്കേതിക സഹായം തേടി വരുന്ന ഗുണഭോക്താവിന് അയാൾക്ക് അനുയോജ്യമായ സാങ്കേതിക സഹായം നൽകുന്നതിന് ഉതകുന്ന സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ / ഗവേഷണ സ്ഥാപനങ്ങൾ / എൻജിനീയറിംഗ് കോളേജുകൾ എന്നിവയെ കണ്ടെത്തി അത്തരം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പ്രോഗ്രാം നടപ്പിലാക്കുന്നത്. |

| | |
|---|---|
| (ഡി) ഏതെല്ലാം മേഖലകളിലുള്ളവരാണ് പ്രസ്തുത പ്രോഗ്രാമുമായി സഹകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ? | (ഡി) എഞ്ചിനീയറിംഗിൽ ബിരുദം / ഡിപ്ലോമയും, നൂതന ആശയങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്ന വ്യക്തികൾക്കും സർക്കാർ / സർക്കാർ ഇതര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ശാസ്ത്രജ്ഞർ / ഗവേഷകർ എന്നിവർക്കും ഈ പ്രോഗ്രാമിൽ അപേക്ഷിക്കാം. പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥികൾക്കും ഈ പ്രോഗ്രാം ഉപയോഗപ്പെടുത്തി സാങ്കേതിക വിദ്യ വികസിപ്പിക്കാവുന്നതാണ്.<br><br>നൂതനമായ സാങ്കേതിക വിദ്യ വികസിപ്പിക്കുന്നതിന് അപേക്ഷകന് സാങ്കേതിക പിന്തുണ നൽകുന്നതോടൊപ്പം, ഓരോ പ്രോജക്ടിനും പരമാവധി 10,00,000/- രൂപ (പത്തു ലക്ഷം രൂപ) സാമ്പത്തിക സഹായവും അനുവദിക്കുന്നതാണ്. ഓരോ പ്രോജക്ടും രണ്ട് വർഷം കാലയളവിൽ പൂർത്തീകരിക്കേണ്ടതുമാണ്.<br><br>പ്രസ്തുത സ്കീമിലേയ്ക്ക് വരുന്ന അപേക്ഷകൾ പരിശോധിക്കുന്നതിന് എഞ്ചിനീയറിംഗ് / മറ്റ് ശാസ്ത്ര മേഖലയിലുള്ള വിദഗ്ധർ അടങ്ങുന്ന ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ ടെക്നിക്കൽ കമ്മിറ്റിയുടെ മേൽനോട്ടത്തിൽ അപേക്ഷകൾ വിലയിരുത്തുകയും സാങ്കേതിക മേന്മയുള്ള പദ്ധതികൾ അനുവദിക്കുകയും ചെയ്യും. ഇതേ കമ്മിറ്റി തന്നെ കാലാകാലങ്ങളിലുള്ള പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുന്നതുമാണ്. |

**സെക്ഷൻ ഓഫീസർ**